**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4782** 14.11.2019-ൽ മറുപടിയ്ക്ക്

## കോടഞ്ചേരി-കക്കാടംപൊയിൽ മലയോര ഹൈവേ പ്രവൃത്തികൾ

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.ജോർജ് എം. തോമസ്** | | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** | |
| (എ) | സാങ്കേതികാനുമതി ലഭിച്ചിട്ടും കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള മലയോര ഹൈവേയുടെ ഭാഗം ടെണ്ടർ ചെയ്യാൻ കാലതാമസം വരുത്തുന്നതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; | (എ) | മലയോര ഹൈവേയുടെ ഭാഗമായ കോടഞ്ചേരി കക്കാടംപൊയിൽ പാതയുടെ നിർമ്മാണത്തിന് 144 കോടി രൂപയുടെ സമ്പാത്തികാംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം മലയോര ഹൈവേയ്ക്ക് 12 മീറ്റർ വീതി ഉറപ്പാക്കി മാത്രമേ നിർമ്മാണം നടത്തുവാൻ സാധിക്കുകയുള്ളൂ. സ്ഥലം ലഭ്യമാകാത്തതിനാലാണ് ടെൻണ്ടർ ചെയ്യുന്നതിൽ കാലതാമസം നേരിട്ടത്. |
| (ബി) | പ്രസ്തുത പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ; | (ബി) & (സി) | കോടഞ്ചേരി കക്കാടംപൊയിൻ പാതയുടെ നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഉറപ്പാക്കിക്കൊണ്ടുള്ള ലാൻഡ് അവയ് ലബിലിറ്റി സർട്ടിഫിക്കറ്റ് 08/11/2019 –ന് ലഭ്യമായിട്ടുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികൾക്കാവശ്യമായ പാരിസ്ഥിതികാഘാത പഠനം റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ടെൻണ്ടർ തുറന്ന് നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ടി പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ